പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6806 10.07.2014 - ൽ മറുപടിയ്ക്ക്

**സർക്കാർ മെഡിക്കൽ കോളേജുകളിലെ ഡയാലിസിസ് സംവിധാനം.**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. പി.സി. ജോർജ്. | | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഡയാലിസിസിനായി പ്രതിദിനം ശരാശരി എത്ര രോഗികൾ എത്തുന്നുവെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലുമായി പ്രതിദിനം ശരാശരി 60 രോഗികൾക്ക് ഡയാലിസിസ് ലഭ്യമാകുന്നുണ്ട്. |
| (ബി) ഒരു കിഡ്നി പേഷ്യന്റിന് ഡയാലിസിസിനു മുൻപ് ഏതെല്ലാം പരിശോധനയ്ക്ക് വിധേയനാകണമെന്നും രക്തത്തിലെ വിവിധ ഘടകങ്ങളുടെ സന്തുലിതാവസ്ഥ ക്രമപ്പെടുത്തുന്നതിന് ഏതെല്ലാം മരുന്നുകൾ ഇഞ്ചക്റ്റ് ചെയ്യുണ്ടതെന്നും വ്യക്തമാക്കുമോ; | (ബി) | ഡയാലിസിസ് തുടങ്ങുന്നതിന് മുമ്പ് എല്ലാ രോഗികൾക്കും Hepatitis B, Hepatitis C, HIV, Blood Urea, S.Creatinine, S.Sodium, S.Potassium, S.Hemoglobin തുടങ്ങിയ പരിശോധനകൾ ആവശ്യമാണ്. സ്ഥിരം ഡയാലിസിസ് രോഗികൾക്ക് എല്ലാ മാസവും Hemoglobin, Blood Urea, S.Creatinine, S.Sodium, S.Potassium, S.Calcium, S.Phosphorus, S.Uric Acid, Liver Function Test തുടങ്ങിയ പരിശോധനകൾ ആവശ്യമാണ്. ഇവരിൽ ചിലർക്ക് Erythropoetn, Iron തുടങ്ങിയ ഇൻജക്ഷൻ മരുന്നുകൾ ആവശ്യമായി വരും. |
| (സി) ജീവിതകാലം മുഴുവൻ ഡയാലിസിസിനു വിധേയനാകേണ്ടി വരുന്ന ഒരു രോഗിക്ക് പെർമനന്റ് ആക്സസായ 'എ.വി. ഫിസ്റ്റുല' സർക്കാർ മെഡിക്കൽ കോളേജുകളിൽ വിജയകരമായി ചെയ്യാൻ സാധിക്കുന്നുണ്ടോ; ഇക്കാര്യത്തെകുറിച്ച് വിശദമായ ഒരു പഠനം നടത്താൻ നടപടി സ്വീകരിയ്ക്കുമോ ? | (സി) | ഉണ്ട്. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും കാർഡിയോ വസ്കുലർ സർജറി വിഭാഗത്തിൽ എ.വി. ഫിസ്റ്റുല വിജയകരമായി നടത്തി വരുന്നുണ്ട്. ജനറൽ സർജറി, പ്ലാസ്റ്റിക് സർജറി, യൂറോളജി വിഭാഗങ്ങളിലെ ഡോക്ടർമാരും ഇതിനായി വൈദഗ്ധ്യം നേടിയവരാണ്. |

സെക്ഷൻ ഓഫീസർ